**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1603** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരില്ലാത്ത പുനലൂർ പദ്ധതിയുടെ ഭാഗമായ ഡിജിറ്റൽ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതരില്ലാത്ത പുനലൂർ പദ്ധതിയുടെ ഭാഗമായി ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ വിവിധ യോഗങ്ങളിൽ പുനലൂർ നിയോജക മണ്ഡലത്തിലെ വിവിധ ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഡിജിറ്റൽ സർവ്വേ അടിയന്തരമായി പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും നിലവിൽ ആയതിന്റെ ഭാഗമായി ഡിജിറ്റൽ സർവ്വേ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 2022 നവംബർ 1 ന് ആരംഭിച്ച ഡിജിറ്റൽ റീസർവെയുടെ ഭാഗമായി പുനലൂർ നിയോജകമണ്ഡലത്തിലെ 13 വില്ലേജുകളിൽ 3 വില്ലേജുകളുടെ ഡിജിറ്റൽ സർവെ ഒന്നാം ഘട്ടത്തിലും (ഇടമുളക്കൽ, അഞ്ചൽ, അറക്കൽ) 3 വില്ലേജുകളുടെ ഡിജിറ്റൽ സർവെ രണ്ടാം ഘട്ടത്തിലും (ഇടമൺ, പുനലൂർ, വാളക്കോട്) എന്നിങ്ങനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി വരുന്ന വില്ലേജുകൾക്ക് പ്രാധാന്യം നൽകി ഡിജിറ്റൽ സർവെയുടെ അടുത്ത ഘട്ടങ്ങളിൽ ഉൾപ്പെടുത്തി റീസർവെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പുനലൂർ താലൂക്കിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജുകൾ ഏതൊക്കെയെന്നും നിലവിൽ ഡിജിറ്റൽ സർവ്വേ നടന്നുകൊണ്ടിരിയ്ക്കുന്ന വില്ലേജുകൾ ഏതൊക്കെയെന്നും ആയത് എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ; വിശദമാക്കാമോ ; | (ബി) | പുനലൂർ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന പുനലൂർ നിയോജകമണ്ഡലത്തിലെ 13 വില്ലേജുകളും ചടയമംഗലം നിയോജകമണ്ഡലത്തിലെ 2 വില്ലേജുകളും ചേർത്ത് ആകെ 15 വില്ലേജുകൾ ഉള്ളതിൽ 3 വില്ലേജുകളുടെ ഡിജിറ്റൽ സർവെ ഒന്നാം ഘട്ടത്തിലും (ഇടമുളക്കൽ, അഞ്ചൽ, അറക്കൽ) 3 വില്ലേജുകളുടെ ഡിജിറ്റൽ സർവെ രണ്ടാം ഘട്ടത്തിലും (ഇടമൺ, പുനലൂർ, വാളക്കോട്) ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി വരുന്ന വില്ലേജുകൾക്ക് പ്രാധാന്യം നൽകി ഡിജിറ്റൽ സർവ്വെയുടെ അടുത്ത ഘട്ടങ്ങളിൽ ഉൾപ്പെടുത്തി എത്രയും പെട്ടന്ന് റീസർവെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഡിജിറ്റൽ സർവ്വേ അടിയന്തരമായി പൂർത്തിയാക്കണമെന്ന് തീരുമാനിച്ച സാഹചര്യത്തിൽ പുനലൂർ താലൂക്കിലെ ഇനിയും പൂർത്തിയാക്കാനുള്ള വില്ലേജുകളിൽ സർവ്വേ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ എന്നതും സർവ്വേ എപ്പോൾ പൂർത്തിയാക്കാനാകും എന്നതും വിശദമാക്കാമോ; | (സി) | പുനലൂർ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന പുനലൂർ നിയോജകമണ്ഡലത്തിലെ 13 വില്ലേജുകളും ചടയമംഗലം നിയോജകമണ്ഡലത്തിലെ 2 വില്ലേജുകളും ചേർത്ത് ആകെ 15 വില്ലേജുകൾ ഉള്ളതിൽ 3 വില്ലേജുകളുടെ ഡിജിറ്റൽ സർവെ ഒന്നാം ഘട്ടത്തിലും (ഇടമുളക്കൽ, അഞ്ചൽ, അറക്കൽ) 3 വില്ലേജുകളുടെ ഡിജിറ്റൽ സർവെ രണ്ടാം ഘട്ടത്തിലും |

| | | | |
|---|---|---|---|
| | | | (ഇടമൺ, പുനലൂർ, വാളക്കോട്) ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി വരുന്ന വില്ലേജുകൾക്ക് പ്രാധാന്യം നൽകി ഡിജിറ്റൽ സർവ്വെയുടെ അടുത്ത ഘട്ടങ്ങളിൽ ഉൾപ്പെടുത്തി എത്രയും പെട്ടന്ന് റീസർവെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഡിജിറ്റൽ സർവ്വേയ്ക്ക് വില്ലേജുകൾ തെരഞ്ഞെടുക്കുമ്പോൾ റീസർവ്വേ പൂർത്തിയാകാത്ത വില്ലേജ്കൾക്ക് മുൻഗണന നൽകുമോ; വ്യക്തമാക്കാമോ? | (ഡി) | റീസർവെ പൂർത്തിയാകാത്ത വില്ലേജുകൾക്ക് മുൻഗണന നൽകിയാണ് ഡിജിറ്റൽ സർവെയ്ക്ക് വില്ലേജുകൾ തിരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ